**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5958** **16-03-2023 - ൽ മറുപടിയ്ക്ക്**

**ത്രിതല പഞ്ചായത്തുകളുടെ തനതു വരുമാനം വർധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ ത്രിതല പഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി കാലികമായ നികുതി പരിഷ്കരണം ഉൾപ്പെടെ മറ്റു തരത്തിലുള്ള വരുമാന സ്രോതസ്സുകൾ കൂടി കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു. പഞ്ചായത്തുകളിലും നഗരസഭകളിലും നൂതനമായതുൾപ്പെടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി സർക്കാരിൽ ആവശ്യമായ ശിപാർശ സമർപ്പിക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ചെയർമാനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികളും വകുപ്പിലെ ഉദ്യോഗസ്ഥരും അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി ഇക്കാര്യത്തിൽ ശിപാർശ തയ്യാറാക്കുന്നതിലേക്കായി പഠനങ്ങളും ചർച്ചകളും നടത്തി വരികയും ചെയ്യുന്നു.<br><br>2023 ഏപ്രിൽ 1 മുതൽ ഓരോ സാമ്പത്തിക വർഷവും നിശ്ചിത നിരക്കിൽ നികുതി വർദ്ധന വരുത്തിക്കൊണ്ടുള്ള വസ്തു നികുതി പരിഷ്കരണം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | കൂടുതൽ ഷോപ്പിംഗ് കോംപ്ലക്സുകൾ, ആറ്റിൽ നിന്നും മണൽ വാരുന്നതിനുള്ള അനുമതി, ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിച്ച് നൽകൽ, ഓപ്പൺ സ്റ്റേഡിയങ്ങൾ മോടി പിടിപ്പിച്ച് വാടകയ്ക്ക് നൽകൽ തുടങ്ങിയ സംരംഭങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കൂടുതൽ ഷോപ്പിംഗ് കോംപ്ലക്സുകൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിച്ച് നൽകൽ, ഓപ്പൺ സ്റ്റേഡിയങ്ങൾ മോടി പിടിപ്പിച്ച് വാടകയ്ക്ക് നൽകൽ തുടങ്ങിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഇതിലൂടെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, സംരംഭങ്ങളുടെ വിജയ സാധ്യത കൂടി കണക്കിലെടുത്ത് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും സാമ്പത്തിക സ്ഥിതി അനുസരിച്ച് പദ്ധതി രൂപീകരിച്ച് ജില്ലാ പ്ലാനിംഗ് സമിതിയുടെ അംഗീകാരം നേടി അതാത് തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനം തന്നെ പദ്ധതി നടപ്പിലാക്കുന്ന വിധത്തിൽ പദ്ധതി രൂപീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ